പത്രക്കുറിപ്പ്

# പോലീസിന് നേരെ രണ്ട് തവണ ബോംബെറിഞ്ഞ പ്രതിയെ സാഹസികമായി പിടികൂടി

## പോലീസ് വഹനത്തിന്റെ ഗ്ലാസ് അടിച്ച് തകർത്ത പ്രതി പിടിയിൽ

## കോവിഡ് സുരക്ഷാ പരിശോധന ശക്തമായി തുടരുന്നു

## വിലക്ക് ലംഘനം: 231 പേർക്കെതിരെ നിയമനടപടി 69,500/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം :- പേട്ട പോലീസ് സ്റ്റേഷനിൽ നിന്നും പെറ്റീഷൻ അന്വേഷിച്ച പോയ എസ്.ഐ ഉൾപ്പെടെയുള്ള പോലീസ് സംഘത്തിനു നേരെ ബോംബെറിഞ്ഞ ശേഷം ഒളിവിൽ പോകുകയും തുടർന്ന് ഇയാളെ പിടികൂടാൻ പോയ പോലീസിനു നേരെയും ബോംബേറ് നടത്തിയ പ്രതിയെ പോലീസ് സാഹസികമായി പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു. കൊച്ചുവേളി വിനായക നഗർ ഗുഡ്സ് യാർഡ് കോളനിയിൽ ജാങ്കോകുമാർ എന്നു വിളിക്കുന്ന അനിൽകുമാർ (39)-നെയാണ് പേട്ട പോലീസ് അറസ്റ്റ് ചെയ്തത്.



പേട്ട പോലീസ് അറസ്റ്റ് ചെയ്ത അനിൽകുമാർ (39)

കഴിഞ്ഞ എട്ടാം തീയതി ഒരു പരാതി അന്വേഷിച്ച പോയ പേട്ട എസ്. ഐ ഉൾപ്പെടെയുള്ള പോലീസ് സംഘത്തിനു നേരെ കരിക്കകത്ത് വച്ച് നാടൻ ബോംബെറിഞ്ഞ്

ഭീകരാന്തരീക്ഷം ഉണ്ടാക്കിയ ശേഷം ജാങ്കോകുമാർ ഒളിവിൽ പോകുകയായിരുന്നു. തുടർന്ന് ഇയാളെ പിടികൂടുവാൻ പേട്ട എസ്.എച്ച്.ഒ സുധിലാലിന്റെ നേതൃത്വത്തിൽ പ്രത്യേക സംഘം രൂപീകരിച്ച് നടത്തിയ അന്വേഷണത്തിൽ പോത്തൻകോട് ഉണ്ടെന്ന് മനസ്സിലാക്കി ടീം അവിടെ എത്തിയ സമയം പോലീസിനെ കണ്ട് പ്രതി അവിടെ നിന്നും ഓടി രക്ഷപ്പെടുകയും ചെയ്തിരുന്നു. ശംഖുമുഖം അസി. കമ്മീഷണർ എം.എ നസീറിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് കഴിഞ്ഞ ദിവസം രാത്രി വെട്ടുകാട് ബാലനഗറിലുള്ള ഒളിസങ്കേതത്തിൽ എത്തിയപ്പോൾ ഇയാൾ വീണ്ടും പോലീസിന് നേരെ ബോംബെറിഞ്ഞ് രക്ഷപ്പെടാൻ ശ്രമിച്ചതിൽ 3 പോലീസുകാർക്ക് പരിക്കു പറ്റിയെങ്കിലും പോലീസ് അതി സാഹസികമായി പ്രതിയെ പിടികൂടുകയായിരുന്നു. പേട്ട സ്റ്റേഷനിൽ മാത്രം 16 കേസുകളിലെ പ്രതിയായ ഇയാൾക്കെതിരെ സിറ്റിയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ നിരവധി ക്രിമിനൽ കേസുകളും നിലവിലുണ്ട്. പേട്ട എസ്.എച്ച്.ഒ സുധിലാൽ, എസ്.ഐ മാരായ നിയാസ്, സിജിൻ മാത്യൂ, നിതീഷ്, എ.എസ്.ഐ എഡ്വിൻ, സി.പി. ഒ മാരായ ബിജു ജയദേവൻ, ഉദയകുമാർ, രഞ്ജിത്, സനൽ, അരുൺ, സുകേശ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്. കോടതി പ്രതിയെ റിമാൻഡ് ചെയ്തു.

## പോലീസ് വഹനത്തിന്റെ ഗ്ലാസ് അടിച്ച് തകർത്ത പ്രതി പിടിയിൽ

തിരുവനന്തപുരം:-മെഡിക്കൽകോളേജ് പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ പാർക്ക് ചെയ്തിരുന്ന പോലീസ് വാഹനത്തിന്റെ ചില്ല് അടിച്ചുതകർത്ത പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

ചെറുവയ്ക്കൽ വാർഡിൽ പോങ്ങുംമൂട് ബാപ്പുജി നഗർ, തുക്കോട്ട വീട്ടിൽ ദീപു.എസ്.കുമാർ (38) നെയാണ് മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്തത്.

വെള്ളിയാഴ്ച രാത്രി 11.50–നാണ് സംഭവം നടന്നത്. സ്റ്റേഷൻ ജീപ്പിന്റെ മുൻവശത്തെ വിന്റ്ഷീൽഡ് ഗ്ലാസ് കല്ലുകൊണ്ട് ഇടിച്ച് പൊട്ടിച്ചശേഷം ഓടി രക്ഷപ്പെടാൻ ശ്രമിച്ച പ്രതിയെ പോലീസ് പിൻതുടർന്ന് പിടികൂടുകയായിരുന്നു. പിടികൂടുന്ന സമയം പോലീസിനു നേരേയും ആക്രമണത്തിന് ശ്രമിച്ച പ്രതിയെ ബലപ്രയോഗത്തിലൂടെയാണ് കീഴ്പെടുത്തിയത്. ശ്രീകാര്യം പോലീസ് സ്റ്റേഷനിലെ റൗഡി ലിസ്റ്റിൽ ഉൾപ്പെട്ട ഇയാൾക്ക് കഴക്കൂട്ടം, ശ്രീകാര്യം, പേരൂർക്കട എന്നീ സ്റ്റേഷനുകളിലായി വധശ്രമം, കവർച്ച, ഗുണ്ടാ ആക്രമണം, ആയുധ നിരോധന നിയമ ലംഘനം എന്നീ വിവിധ കുറ്റകൃത്യങ്ങൾക്ക് പത്തിലേറെ കേസ്സുകൾ നിലവിലുണ്ട്. മെഡിക്കൽ കോളേജ് എസ്.എച്ച്.ഒ ബിനു വർഗ്ഗീസ്, എസ്.ഐ–മാരായ ജയശങ്കർ, ഷജീം, എ.എസ്.ഐ അനിൽകുമാർ, സി.പി.ഒ–മാരായ രാജേഷ്, അനിൽകുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ്ചെയ്തു.


മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്ത
ദീപു. എസ്. കുമാർ (38)

## കോവിഡ് സുരക്ഷാ കേസ് വിവരം

കോവിഡ് രോഗവ്യപാനം വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ സുരക്ഷാ പരിശോധന പോലീസ് ശക്തമായി തുടരുന്നു. തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (11–04–2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 231 പേർക്കെതിരെ നിയമനടപടി

സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 89 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 139 പേരിൽ നിന്നും 69,500/- രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 3 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
11-04-2021

**ഐ ജി പി & കമ്മീഷണർക്ക് വേണ്ടി**

**പബ്ലിക് റിലേഷൻസ് ഓഫീസർ**
**തിരുവനന്തപുരം സിറ്റി**